പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 7217

16/07/2012-ൽ മറുപടി
നല്കേണ്ടിയിരുന്നത്

മാവേലിക്കരയിലെ ആദിക്കാട്ട്കുളങ്ങരയിൽ കനാൽ
പുറമ്പോക്ക് കയ്യേറിയ സംഭവം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ആർ. രാജേഷ് | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) 2012 ജൂൺ മാസം ചേർന്ന മാവേലിക്കരയിലെ താലൂക്ക് സഭയിൽ എടുത്ത പാലമേൽ പഞ്ചായത്തിലെ ആദിക്കാട്ട് കുളങ്ങരയിൽ കനാൽ പുറമ്പോക്കിൽ അനധികൃതമായി കൃഷി ചെയ്ത ഭൂമി കയ്യേറിയത് അവസാനിപ്പിക്കണം എന്ന തീരുമാനം നടപ്പിലാക്കിയോ; | (എ) 2012 ജൂൺ മാസം മാവേലിക്കര താലൂക്ക് സഭയിൽ നൂറനാട് വില്ലേജിൽ മറ്റപ്പള്ളി മുറിയിൽ വിജയഭവനത്തിൽ ലില്ലി, പുത്തൻപുരയിൽ സുബൈദ മുതൽപേർ നല്കിയ പരാതിയിന്മേൽ പോലീസ് സഹായത്തോടെ കൈയേറ്റം ഒഴിപ്പിക്കാൻ തീരുമാനം എടുക്കുകയും ഇത് സംബന്ധിച്ച് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.ഐ.പി. കരുനാഗപ്പള്ളിക്ക് നിർദ്ദേശം നല്കിയിട്ടുമുണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത തീരുമാനം നടപ്പിലാക്കിയതിനുശേഷവും വീണ്ടും കടന്നുകയറ്റം ഉള്ളതായി അന്വേഷിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് നൂറനാട് പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിട്ടുണ്ടോ; | (ബി) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.ഐ.പി. കരുനാഗപ്പള്ളി കൈയേറ്റക്കാർ ഒഴിയുന്നതിന് നോട്ടീസ് നല്കി എങ്കിലും കൈയേറ്റം ഒഴിയാത്തതിനാൽ നൂറനാട് പോലീസിൽ പരാതി നല്കിയിട്ടുള്ളതായി 31/05/2012ൽ മാവേലിക്കര താലൂക്ക് ഓഫീസിൽ അറിയിച്ചിട്ടുള്ളതായി ആലപ്പുഴ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) കടന്നുകയറ്റം അവസാനിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) പോലീസ് സഹായത്തോടെ കൈയേറ്റം ഒഴിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നതായി ആലപ്പുഴ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ